No. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## കീം പ്രവേശനം- 2020–21

## കേരളത്തിലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം–2020

2020 വർഷത്തെ കേരളത്തിലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് 2020 **ഫെബ്രുവരി** 01 ഉച്ച മുതൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷയോടൊപ്പം വിദ്യാർത്ഥിയുടെ ഫോട്ടോ (ആറു മാസത്തിനുള്ളിലെടുത്തത്), ഒപ്പ്, ജനനതീയതി തെളിയിക്കുന്ന രേഖ, നേറ്റിവിറ്റി തെളിയിക്കുന്ന രേഖ എന്നിവ നിർബന്ധമായും 25.02.2020 വൈകുന്നേരം 5.00 മണിയ്ക്കു മുമ്പായി ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. വിവിധ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ അപ്‌ലോഡ് ചെയ്യുന്നതിന് 29.02.2020 **വൈകുന്നേരം** 5.00 മണി വരെ സമയം ഉണ്ടായിരിക്കുന്നതാണ്. അപേക്ഷയും അനുബന്ധരേഖകളും തപാൽ മാർഗം പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേക്ക് അയയ്ക്കേണ്ടതില്ല. അപേക്ഷകൻ ഏതെങ്കിലും ഒരു കോഴ്സിനോ/ എല്ലാ കോഴ്സുകളിലേയ്ക്കുമോ ഉള്ള പ്രവേശനത്തിന് ഒരു ഓൺലൈൻ അപേക്ഷ മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ. പ്രവേശനം സംബന്ധിച്ച വിശദമായ വിജ്ഞാപനം പ്രവേശന പരീക്ഷാകമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. 2020 വർഷത്തെ നീറ്റ് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾ കേരളത്തിലെ മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന പക്ഷം നിർബന്ധമായും കീം 2020 വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ: 0471- 2525300**

**01.02.2020 മുതൽ 29.02.2020 വരെ എല്ലാ ദിവസവും രാവിലെ 8 മണി മുതൽ വൈകുന്നേരം 8 മണി വരെ പ്രവർത്തിക്കുന്നതാണ്.**

**N.B: പരീക്ഷാ സംബന്ധമായും പ്രവേശനം സംബന്ധമായുമുള്ള അന്വേഷണങ്ങൾക്ക് വിദ്യാർത്ഥികളും രക്ഷിതാക്കളും മുകളിൽ പറഞ്ഞിരിക്കുന്ന ഹെൽപ് ലൈൻ നമ്പർ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.**

പ്രവേശന പരീക്ഷാകമ്മീഷണർക്കു വേണ്ടി

തിരുവനന്തപുരം
31.01.2020